**പതിനാലാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 1384 13.07.2016 ൽ മറുപടിയ്ക്ക്

**വാട്ടർ മെട്രോ**

ചോദ്യം ഉത്തരം

ശ്രീ. എ.എം.ആരിഫ് ശ്രീ.പിണറായി വിജയൻ (മുഖ്യമന്ത്രി)

| | | | |
|---|---|---|---|
| (എ) | വാട്ടർ മെട്രോ നടപ്പാക്കാനുദ്ദേശിക്കുന്നതെങ്ങനെയെന്ന് വിശദമാക്കാമോ ; | (എ) | കൊച്ചി സിറ്റിയുടെ വടക്ക പടിഞ്ഞാറും തെക്കും ഭാഗങ്ങളിലുള്ള ദ്വീപുകളേയും കൊച്ചിയുടെ കിഴക്ക കടമ്പ്രയാർ, ചിത്രപ്പുഴ എന്നീ നദികൾ സംയോജിക്കുന്ന ചമ്പക്കര കനാലിന്റെ കരകളേയും കൊച്ചി സിറ്റിയുമായി ബന്ധിപ്പിച്ച് കൊണ്ട് തുടങ്ങുവാനുദ്ദേശിക്കുന്ന ജലഗതാഗത പ്രോജക്ടാണ് വാട്ടർ മെട്രോ. വാട്ടർ മെട്രോ പ്രോജക്ട് ദേശീയ ജലപാത-3 നെ ആശ്രയിച്ചാണ് ആസൂത്രണം ചെയ്തിരിക്കുന്നത്. 38 ബോട്ട് ജെട്ടികളും 78 ബോട്ടുകളും, ദ്വീപുകളിലെ ബോട്ട് ജെട്ടികളിലേക്കുള്ള റോഡുകളുടെ വികസനവും, ബോട്ട് ജെട്ടിയേയും മെട്രോ റെയിൽ സ്റ്റേഷനുകളേയും ബന്ധിപ്പിച്ചുള്ള ഫീഡർ ബസ് സർവ്വീസും വാട്ടർ മെട്രോയുടെ ഭാഗമാണ്. പദ്ധതിയുടെ ചെലവ് 747 കോടി രൂപയാണ്. ചെലവിന്റെ 80% ജർമ്മൻ ഡെവലപ്മെന്റ് ബാങ്കായ Kreditanstalt fur Wiederaufbau (KfW) വഴി സോഫ്റ്റ് ലോണായി ലഭ്യമാക്കുവാനുള്ള സമ്മതപത്രം ഒപ്പിട്ടുകഴിഞ്ഞു. പ്രോജക്ടിന്റെ ഔപചാരിക ഉദ്ഘാടനം ഈ മാസാവസാനം നടത്തുവാനാണ് ഉദ്ദേശിക്കുന്നത്. |
| (ബി) | പ്രസ്തുത വാട്ടർ മെട്രോയിൽ കൊച്ചിയും അനുബന്ധ പ്രദേശങ്ങളായ വൈക്കം, തവണക്കടവ്, പെരുമ്പളം, പാണാവള്ളി, അരൂക്കുറ്റി എന്നീ പ്രദേശങ്ങളെയും കൂടി ഉൾപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിക്കുമോ? | (ബി) | ഇപ്പോൾ ഗവൺമെന്റ് അനുവദിച്ചിട്ടുള്ള പ്രോജക്ട് തീരുമ്പോഴേക്കും ഗ്രേറ്റർ കൊച്ചിക്ക് വെളിയിലുള്ള പ്രദേശങ്ങളെക്കൂടി ബന്ധിപ്പിച്ചുള്ള ജലഗതാഗത പദ്ധതി ആസൂത്രണം ചെയ്യാവുന്നതാണ്. |

സെക്ഷൻ ഓഫീസർ